# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 6**

---

## പി.എച്ച്.ഡി കോഴ്സ് വർക്ക്; ഡിജിറ്റൽ ലിറ്ററസി ക്ലാസ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പി.എച്ച്.ഡി കോഴ്സ് വർക്കിന്റെ ഭാഗമായ ഡിജിറ്റൽ ലിറ്ററസി പേപ്പറിന്റെ ക്ലാസുകൾ മെയ് 25,26 തീയതികളിൽ സർവകലാശാലാ ലൈബ്രറിയിൽ നടത്തും. സർവകലാശാലയുടെ എല്ലാ ഗവേഷണ കേന്ദ്രങ്ങളിലെയും 2022 അഡ്മിഷൻ ബാച്ചിലുള്ള ഗവേഷണ വിദ്യാർഥികൾക്ക് പങ്കെടുക്കാം.

ക്ലാസുകളുടെ വിശാദംശങ്ങളും രജിസ്ട്രേഷൻ ലിങ്കും സർവകലാശാലാ ലൈബ്രറിയുടെ വെബ്സൈറ്റിൽ(library.mgu.ac.in) ലഭ്യമാണ്. ഫോൺ: 9495161509, 8289896323.

(പി.ആർ.ഒ/39/477/2023)

## പരീക്ഷാ കേന്ദ്രം;
## ഗൂഗിൾ ഫോം ഉപയോഗിക്കണം

മഹാത്മാ ഗാന്ധി സർവകലാശാല നിലവിൽ വിജ്ഞാപനം ചെയ്ത ഓഫ് കാമ്പസ് പരീക്ഷകൾക്ക് അപേക്ഷിച്ചിട്ടുള്ള/ അപേക്ഷിക്കുന്ന വിദ്യാർഥികൾ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന google form മുഖേന പരീക്ഷാ കേന്ദ്രം തിരഞ്ഞെടുക്കണം. വെബ്സൈറ്റിലെ Online Payment > Examination എന്ന ലിങ്ക് മുഖേനയാണ് പരീക്ഷാ ഫീസ് അടയ്ക്കേണ്ടത്

(പി.ആർ.ഒ/39/478/2023)

## പ്രോജക്ട്, വൈവ

ആറാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി/ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആന്റ് ഹോസ്പിറ്റാലിറ്റി(2020 അഡ്മിഷൻ റെഗുലർ- മാർച്ച് 2023) പരീക്ഷയുടെ പ്രോജക്ട്/ ഇന്റേൺഷിപ്പ് വൈവ പരീക്ഷകൾ മെയ് 15ന് മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/479/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കളിനറി ആർട്സ്, കളിനറി ആർട്സ് ആന്റ് കാറ്ററിംഗ് ടെക്നോളജി(സി.ബി.സി.എസ് 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019, 2018, 2017 അഡ്മിഷനുകൾ റീ അപ്പിയറൻസ്- മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 16 മുതൽ സൂര്യനെല്ലി മൗണ്ട് റോയൽ കോളജിൽ നടത്തും.

..............................

മൂന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്(സി.എസ്.എസ് - 2021 അഡ്മിഷൻ റെഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 16 മുതൽ ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/480/2023)

## പരീക്ഷാ ഫലം

പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - നവംബർ 2022) ബിരുദ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...............................

പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി(ഓണേഴ്സ് - 2017,2016 അഡ്മിഷൻ സപ്ലിമെന്ററി) കോഴ്സിന്റെ ജനുവരിയിൽ നടന്ന ആറാം സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ മെയ് 21വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.............................

ആറാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി(ഓണേഴ്സ്) ഡിഗ്രി സപ്ലിമെൻററി പരീക്ഷയുടെ(2013 മുതൽ 2017വരെ അഡ്മിഷനുകൾ -ജനുവരി 2023) ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ മെയ് 21വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.............................

ആറാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ(ക്രിമിനോളജി) എൽ.എൽ.ബി(ഓണേഴ്സ്) കോഴ്സ് (2011 അഡ്മിഷൻ), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി (2012 മുതൽ 2015 വരെ അഡ്മിഷനുകൾ) സപ്ലിമെൻററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ മെയ് 21വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/481/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**